അവിടെ പറയപ്പെടുന്നത്. അത് ഘട്ടങ്ങളായി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു വരികയാണ്. തിരുവളളൂർ, ആയഞ്ചേരി പഞ്ചായത്തുകൾക്കു വേണ്ടിയുളള ഈ പദ്ധതി ഭാഗികമായി 24-5-1999-ൽ കമ്മീഷൻ ചെയ്തു. മേൽപ്പറഞ്ഞ പദ്ധതിയുടെ ഏകദേശം 90 ശതമാനം പണികൾ പൂർത്തിയാക്കുകയും തിരുവളളൂർ, ആയഞ്ചേരി, പുറമേലി, ഇടശ്ശേരി, മണിയൂർ എന്നീ പഞ്ചായത്തുകളിലാകെ 420 ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നൂറ്റിനാൽപ്പത് ടാപ്പുകളിൽ കൂടി ഇപ്പോൾ ജലവിതരണം നടത്തുന്നുണ്ട്. കൂടുതൽ ടാപ്പുകളിൽ കൂടി ശുദ്ധ ജല വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയഞ്ചേരി പഞ്ചായത്തിലെ കുഴിയടിപ്പാറ പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിച്ചാൽ 18 ടാപ്പുകളിലൂടെ ശുദ്ധജല വിതരണം സാധ്യമാകുന്നതാണ്. പങ്ങാട്ടായിലെ കനാൽജോലിമൂലം മുടങ്ങിക്കിടന്നിരുന്ന പൈപ്പുലൈൻ ജോലി പൂർത്തിയാകുമ്പോൾ ആയഞ്ചേരി ടൗണിലെ ടാപ്പുകളിലേക്ക് ശുദ്ധജലം എത്തിക്കാൻ സാധിക്കുന്നതാണ്. പദ്ധതിയുടെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലവിതരണം സാദ്ധ്യമാകുന്നില്ല. പംമ്പിങ്ങ് മെയിനിലെ ലീക്കുകളും എ.സി.ഗ്രാവിറ്റി മെയിനിലെ റബ്ബർ റിഗുകളുടെ തകരാറും എ.സി.പൈപ്പിൽ ഉണ്ടായിരുന്ന പൊട്ടലും കാരണമാണ് തുടർച്ചയായി ശുദ്ധജല വിതരണം നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. വളരെ ബൃഹത്തായ ഈ പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഇന്ന് നിലവിലുളള പൈപ്പുലൈനുകളുടെ സംവിധാനത്തിൽ ഭേദഗതി വരുത്താനും കൂടുതൽ മെച്ചപ്പെട്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കാനും നിർദ്ദേശം നല്കിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ പ്രസ്തുത നിർദ്ദേശങ്ങളിൽ കൂടി സാധിക്കും. ഇതിനുളള എസ്റ്റിമേറ്റ് മാർച്ച് മാസം പതിനഞ്ചാം തീയതിയോടെ തയ്യാറാക്കുന്നതാണ്. ആവശ്യമായ അനുമതി ലഭ്യമാക്കി ഒരു വർഷത്തിനുളളിൽ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് എത്തിക്കാൻ വേണ്ട തീവ്രശ്രമം നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ പുരോഗതി മാസംതോറും വിലയിരുത്താനും നടപടി സ്വീകരിക്കുന്നുണ്ട്. വേളം പഞ്ചായത്തിലുളള ശുദ്ധജലവിതരണ പദ്ധതി 24-5-1999-ൽ കമ്മിഷൻ ചെയ്തു. വടകര ആഗ്മെന്റേഷൻ പദ്ധതിയിൽ നിന്നുമാണ് ഈ പദ്ധതിക്ക് ആവശ്യമായ ജലം എടുക്കുന്നത്. 101 ടാപ്പുകളിലൂടെ ഈ പഞ്ചായത്തിന് ഇപ്പോൾ തൃപ്തികരമായി ശുദ്ധജലവിതരണം നടത്തുന്നുണ്ട്. കൂടുതൽ പ്രദേശങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ച് കുടിവെളളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും പരിഗണനയിലുണ്ട്.

(10) ഇ.എസ്.ഐ.പദ്ധതിയിൽ അംഗങ്ങളായിട്ടുളള തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, കേരളത്തിലെ മുഴുവൻ തൊഴിലാളികളെയും ബാധിക്കുന്ന ഇ.എസ്.ഐ.പദ്ധതിയെ സംബന്ധിച്ച് വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. സർ, ഇ.എസ്.ഐ. പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ദയനീയമാണ്. സിക്ക്നസ് ബെനിഫിറ്റ്, ഡിസേബിൾമെന്റ് ബെനിഫിറ്റ്, ഡിപ്പെൻഡന്റ് ബെനിഫിറ്റ്, മെറ്റേണിറ്റി ബെനിഫിറ്റ്, മെഡിക്കൽ ബെനിഫിറ്റ്, കൂടാതെ ഫ്യൂണറൽ എക്സ്പെൻസ്, റീഹേബിലിറ്റേഷൻ അലവൻസ് ഇത്രയും കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള വളരെ വലിയ ഒരു പദ്ധതിയാണിത്. തൊഴിലാളികളുടെ കോൺട്രിബൂഷൻ ആയിട്ട് 1.75 ശതമാവും തൊഴിൽ ഉടമയുടെ കോൺട്രിബൂഷൻ 4.75 ശതമാനവും ഓരോ മാസവും ഇതിലേക്ക് പോകുന്നുണ്ട്. എന്നുപറഞ്ഞാൽ അയ്യായിരം ഉറുപ്പിക ശമ്പളം ഉള്ള ഒരു തൊഴിലാളിയുടെ വകയായിട്ട് 325 ഉറുപ്പിക ഒരു മാസം ഇ.എസ്.ഐ.യിലേയ്ക്ക് പോകുന്നുണ്ട് എന്നർത്ഥം. 13 ആശുപത്രിയും 136 ഡിസ്പെൻസറിയുമുണ്ട്. അങ്ങേക്ക് അറിയാം, ഇതിന്റെ സ്ഥിതി വളരെ വളരെ ദയനീയമാണ്. ഒരു സബ്മിഷനിലൂടെയല്ല, ഒരു ദിവസം മുഴുവൻ പറഞ്ഞാലും ഇതിന്റെ കഷ്ടപ്പാട് തീരില്ല. ആശുപത്രികളുടെ സ്ഥിതി ഇന്നെന്താണ്? മരുന്നില്ല, ഡോക്ടർമാർ ഇല്ല, മരുന്ന് പുറത്തു നിന്ന് വാങ്ങാൻ എഴുതിക്കൊടുക്കുകയാണ്. വർഷങ്ങൾ കഴിഞ്ഞാലും ഇ. എസ്.ഐ ആശുപത്രികളിൽ നിന്ന് എഴുതിക്കൊടുക്കുന്ന മരുന്നുകളുടെ റീ-ഇംപേഴ്സ്മെന്റ് കിട്ടുന്നില്ല. ആക്സിഡന്റ് ബെനിഫിറ്റ്-ആക്സിഡന്റായിക്കഴിഞ്ഞാൽ റീജിയണൽ ഓഫീസിൽ നിന്നും സാങ്ഷനുണ്ടെങ്കിലേ പണം കൊടുക്കൂ. റീജിയണൽ ഓഫീസിലേക്ക് പോയാൽ രണ്ടും മൂന്നും കൊല്ലം കഴിഞ്ഞിട്ടും സാങ്ഷൻചെയ്തു കൊടുക്കുന്നില്ല എന്നുള്ളതാണ് ഒരു സംഗതി. ദീർഘകാലമായി ചികിത്സ വേണ്ടി വരുന്ന കാൻസർ പോലുള്ള 29 രോഗങ്ങൾ ഉണ്ട്. ഇതിന്റെ സാങ്ഷൻ ഡയറക്ടറേറ്റിൽ നിന്നു വരണം. കാൻസർ പോലുള്ള രോഗത്തിനുള്ള ചികിത്സയ്ക്കുള്ള അനുമതിക്ക് അയച്ചാൽ രണ്ടും മൂന്നും കൊല്ലം കഴിഞ്ഞിട്ടാണ് കിട്ടുന്നത്. കാൻസർ രോഗിയായി നില്ക്കുന്ന ഒരു തൊഴിലാളിക്ക് രണ്ടു കൊല്ലം മൂന്നു കൊല്ലം കഴിഞ്ഞ് പണം സാങ്ഷൻ ആക്കിയിട്ട് പിന്നെ എന്താണ് കാര്യം. അതിന്റെ കാര്യം അങ്ങനെയൊരു ഭാഗത്ത്. രണ്ടാമത് ഡോക്ടർമാരുടെ കാര്യം ഇ.എസ്.ഐ.യിലേക്ക് പോസ്റ്റു ചെയ്താൽ ഡോക്ടർമാർ പോകുന്നില്ല. വേറെ ഒരിടത്തും ജോലിയില്ലെങ്കിൽ മാത്രമേ ഇ.എസ്.ഐ.യിൽ പോകുന്നുള്ളു. ഇ.എസ്.ഐ. ആശുപത്രിയിൽ ഡോക്ടർമാർ ഇല്ല. മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് ഇല്ല. ഏറ്റവും കഷ്ടമാണ് അവിടത്തെ സ്ഥിതി. 13 ആശുപത്രികൾ ഉണ്ട്. കോടിക്കണക്കിന് തുക മുതൽ മുടക്കിയുണ്ടാക്കിയിട്ടുള്ള ഓപ്പറേഷൻ തീയേറ്റർ പോലും പ്രവർത്തിക്കുന്നില്ല. അവിടത്തെ മെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്നില്ല. ഇൻഡ്യയിലെ സാമൂഹ്യക്ഷേമ പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഇ.എസ്.ഐ. പദ്ധതി. അത് ഇതുപോലെ നശിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും വേദനയുണ്ടാക്കുന്ന കാര്യമാണ്. അങ്ങ് ദയവായി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യം കാണിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ദയവായി അങ്ങ് മറുപടി പറയുമ്പോൾ ഇത്ര കൊല്ലം പെൻഡിംഗിലുള്ള ബില്ലിന്റെ റീ-ഇംപേഴ്സ്മെന്റിന്റെ കാര്യവും ആക്സിഡന്റ് ബെനിഫിറ്റിന്റെ കാര്യവും ഈ എക്സ്റ്റന്റഡ് സിക്ക്നസ്സ് ബെനിഫിറ്റിന്റെ കാര്യവും ഇത്ര കൊല്ലം പഴക്കമുള്ളതെങ്കിലും ഇത്ര സമയത്തിനുള്ളിൽ ക്ളിയർ ചെയ്യണമെന്നുള്ള ഒരു വാക്ക് അങ്ങ് പറഞ്ഞാൽ കേരളത്തിലെ തൊഴിലാളികൾക്ക് അത് വലിയ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസമാകും. ഈ പദ്ധതി വളരെ വളരെ ദയനീയാവസ്ഥയിലേക്ക് പോകുകയാണ്. അങ്ങനെ ഒരു സ്വഭാവത്തിലാണ് ഇ.എസ്.ഐ. പോകുന്നതെങ്കിൽ ഇത് തൊഴിലാളികൾക്ക് സത്യത്തിൽ ഒരു ശാപമായിതീരും. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായ ഇ.എസ്.ഐ.യെ ഒന്നു ശരിയാക്കിയെടുക്കുന്ന കാര്യത്തിൽ അങ്ങ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണ പിള്ള) : സർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൽ ഡോക്ടർമാരുടെ നിയമനത്തിനുള്ള പി.എസ്.സി ലിസ്റ്റ് അടുത്തിടെയാണ് പ്രസിദ്ധികരിച്ചത്. ലിസ്റ്റ് നിലവിൽ വന്നതിനെത്തുടർന്ന് കോൺട്രാക്റ്റ് അടിസ്ഥാനത്തിലും മറ്റും നിയമിക്കപ്പെട്ടിരുന്ന ഡോക്ടർമാരെ പിരിച്ചു വിട്ട് പി.എസ്.സി. വഴി നിയമനം നടത്തി വരുന്നു. മേൽത്തട്ടു കേസിലെ കോടതി വിധിയുടെ അടസ്ഥാനത്തിൽ പി.എസ്.സി. നിയമനങ്ങൾ മരവിപ്പിച്ചതിനാൽ ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫിന്റെയും ഒഴിവുകൾ നികത്താൻ കാലതാമസം നേരിട്ടു. ഈ നിയന്ത്രണം മാറ്റിയതിനെത്തുടർന്ന് ഇപ്പോൾ ഒഴിവുകൾ അടിയന്തിരമായി നികത്തി വരുന്നു. ഇ.എസ്.ഐ. ആശുപത്രിയിലേക്ക് വേണ്ടുന്ന അലോപ്പതി മരുന്ന് രണ്ടു ഗഡുക്കളായും ആയുർവേദം, ഹോമിയോ എന്നീ വിഭാഗത്തിലുള്ള മരുന്ന് വർഷത്തിൽ ഒരു തവണയുമാണ് വാങ്ങുന്നത്. കഴിഞ്ഞവർഷം മാർച്ച് മാസത്തിലാണ് ആയുർവേദം ഹോമിയോ മരുന്നുകൾ വാങ്ങിയത്. ഈ വർഷത്തിലേക്ക് ആയുർവേദം, ഹോമിയോ മരുന്നുകൾ വാങ്ങാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അലോപ്പതി മരുന്നുകളുടെ ആദ്യ ഗഡു ജൂലൈയ് മാസത്തിലാണ് വാങ്ങിയത്. രണ്ടാമത്തെ ഗഡു വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. മരുന്ന് ഡിസ്പെൻസറികളിലെത്തിക്കാൻ ചില അവസരങ്ങളിൽ കഴിയാതെ വന്നിട്ടുണ്ട്. ഇതിലേക്ക് അധിക തുക അനുവദിച്ച് ഈ പ്രശ്നവും പരിഹരിച്ചു കഴിഞ്ഞു. ഡിസ്പെൻസറികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ പുറമെ നിന്ന് വാങ്ങുന്നതിനുള്ള തുക തൊഴിലാളികൾക്ക് മടക്കിക്കൊടുക്കുന്നതിനും ഇ.എസ്.ഐ. ചട്ടങ്ങളിൽ സൗകര്യമുണ്ട്. ചികിത്സാ സഹായവും മറ്റ് ആനുകൂല്യങ്ങളും യഥാസമയം തൊഴിലാളിക്ക് ലഭ്യമാക്കാൻ വേണ്ട സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. അത് ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പെഷ്യലൈസ്ഡ് ചികിത്സയ്ക്ക് സംസ്ഥാനത്ത് വളരെ വിപുലമായ സംവിധാനമാണ് ഇ.എസ്.ഐ. ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ശ്രീചിത്രാ മെഡിക്കൽ സെന്ററിലും റീജിയണൽ കാൻസർ സെന്ററിലും ഇ.എസ്.ഐ. തൊഴിലാളികൾക്ക് ക്രെഡിറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ചികിത്സക്ക് അഡ്വാൻസ് അനുവദിക്കുന്നുണ്ട്. ഇടപ്പള്ളിയിലുള്ള അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്ററിലും ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികൾക്ക് ചികിത്സാ സൗകര്യം തരപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് സ്പെഷ്യലൈസ് ചികിത്സക്ക് വേണ്ട തുക അനുവദിക്കുന്നതിന് ഇ.എസ്.ഐ. റീജിയണൽ ഡയറക്ടറുടെ പക്കൽ ഒരു റിവോൾവിംങ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ നിന്നാണ് അപേക്ഷകർക്ക് തുക അനുവദിക്കുന്നത്. ഇതിൽ കാലതാമസം നേരത്തെ ഉണ്ടായിരുന്നു. ഇപ്പോൾ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly